(ബി) ഏകദേശം 100 ലക്ഷം രൂപ ഈയിനത്തിൽ പ്രതിവർഷം വിതരണം ചെയ്തുവരുന്നു.

(സി) ചില ദേവസ്വങ്ങളുടെ വർഷാശനം ഇനിയും തീർപ്പാക്കുവാനുള്ളതു കൊണ്ട് ശരിയായ കുടിശ്ശിക തുക ക്ലിപ്തപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) ഉണ്ട്. വർഷാശനം മുന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും, ഓരോ അഞ്ച് വർഷം കൂടുമ്പോഴും 25% വർദ്ധനവ് വരുത്തുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിന്റെ നടപടി അന്തിമഘട്ടത്തിലാണ്.

മുൻ ജന്മിമാരെ സഹായിക്കുന്നതിനുള്ള പദ്ധതി

85. (1646) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്കരണ നടപടികളുടെ ഫലമായി ജീവിക്കാൻ മാർഗ്ഗമില്ലാതായി തീർന്ന മുൻ ജന്മിമാരെ സഹായിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയോ ;

(ബി) ഈ പദ്ധതി പ്രകാരം മുൻ ജന്മിമാർക്ക് സഹായം ലഭിക്കുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് മുൻ ജന്മിമാർക്ക് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നുണ്ട് ;

(ഇ) ഇതിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) വാർഷിക വരുമാനം 12000 രൂപയിൽ കവിയാത്തവരും, 50 സെന്റിലധികം ഭൂമി കൈവശമില്ലാത്തവരും, ഭൂപരിഷ്കരണംമൂലം ഒരേക്കർ ഭൂമിയെങ്കിലും നഷ്ടമായിട്ടുള്ളവരും, 60 വയസ് കഴിഞ്ഞവരും, മറ്റ് പെൻഷൻ ലഭിക്കാത്തവരുമായ ഭൂ ഉടമകൾക്ക് പെൻഷന് അർഹതയുണ്ട്. പെൻഷന് അപേക്ഷിക്കുന്ന താലൂക്കിൽ സ്ഥിര താമസക്കാരനുമായിരിക്കണം.

(ഡി) 210 പേർക്ക്.

(ഇ) ഉണ്ട്. പാലക്കാട് ജില്ലയിൽ 2001 ജനുവരി മാസം മുതലുള്ള കുടിശ്ശിക നൽകാനുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly